## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## കോഓർഡിനേഷൻ സമിതി

### 18.12.2013–ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു. ഗ്രാമവികസന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യവകുപ്പുമന്ത്രിയും ബഹു. പഞ്ചായത്തുവകുപ്പുമന്ത്രിയും സന്നിഹിത രായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04.12.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2013–14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 1087 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്തു. പൊതുമരാമത്ത് പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർവഹണ ചെലവ് ഉയരുമെന്ന് നിരീക്ഷിക്കുകയുണ്ടായി.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 45197/ഡി.ബി.3/13/തസ്വഭവ) തീയതി 18.12.2013**

പാലക്കാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത എടപ്പാലം മൂർക്കനാട് പാലത്തിന്റെ നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചതിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന അധിക ചെലവ് അനുവദിക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ പൂർണ്ണമായ റിപ്പോർട്ട് സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. 72920/ഡി.സി3/13/തസ്വഭവ)& (ഫയൽനം. 73490/ഡി.എ3/13/തസ്വഭവ)തീയതി.18.12.2013**

മൃഗസംരക്ഷണം, ക്ഷീര വികസനം പ്രോജക്ടുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മൃഗാശുപത്രിയിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ടെണ്ടർവഴി നടപടി സ്വീകരിക്കാൻ അനുവദിക്കണമെന്ന കോഴിക്കോട് കോർപ്പറേഷന്റെ ആവശ്യം ജില്ലാ വെറ്ററിനറി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് നടത്തുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 69428/ഡി.ഡി1/2013/തസ്വഭവ) തീയതി.18.12.2013**

എൻഡോസൾഫാൻ മേഖലയിലെ നബാർഡ് അനുവദിച്ച പ്രവൃത്തികളുടെ ജില്ലാതല ഉദ്ഘാടനത്തിന് അധിക ചെലവായ 30000/- രൂപ കാറടുക്ക ബ്ലോക്കിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 എൻ.ആർ.എച്ച്.എം. സമഗ്ര ആരോഗ്യ പദ്ധതി (ഫയൽ നം.71652/ ഡി.എ2/13/ തസ്വഭവ)തീയതി.18.12.2013**

എൻ.ആർ.എച്ച്.എമ്മുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ പി.എച്ച്.സി. സബ് സെന്റർ, പി.എച്ച്.സി ലാബ് ആരംഭിക്കാനുള്ള 12.11.2013-ലെ ജി.ഒ(ആർ.ടി.)നം.3773/HDFWD ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 13-ാം ധനകാര്യ കമ്മീഷൻ (ഫയൽ നം.65099/എഫ്.എം.1/13/തസ്വഭവ) തീയതി.18.12.2013**

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നിർവഹണം പൂർത്തിയാക്കേണ്ട പ്രവൃത്തികളിൽ, പൂർത്തീകരിച്ചവയ്ക്ക് വികസനഫണ്ടിൽ നിന്നും തുക നൽകാനും ധനകാര്യ കമ്മീഷൻ തുക കിട്ടുന്ന മുറയ്ക്ക് തിരികെ ചെലവ് ക്രമീകരിക്കാനും 17.10.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇനം 2.2 പ്രകാരം തീരുമാനിച്ചിരുന്നു. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ നൽകിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ട വസ്തുതകൾ ചർച്ച ചെയ്യാൻ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ടവർ ഇന്നത്തെ യോഗത്തിൽ ഹാജരാകാത്തതിനാൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് തീയതി.18.12.2013**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ ഇന്നത്തെ സാഹചര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയില്ലെന്ന് നിരീക്ഷിച്ചു. പ്രകൃതി ദുരന്ത നിവാരണ ഫണ്ട്, എം.എൽ.എ ഫണ്ട്, വികസനഫണ്ട്, തനത് ഫണ്ട് എന്നിവ സംയുക്തമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് തീരുമാനിക്കാൻ ധനകാര്യവകുപ്പ്, റവന്യൂ (Dissaster management), പ്ലാനിംഗ്, എൽ.എസ്.ജി.ഡി. വകുപ്പ് എന്നിവയുടെ സംയുക്ത യോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മാജിക്കൽ സയൻസ് അക്കാദമി (ഫയൽ നം.74305/എഫ്.എം.2/13/തസ്വഭവ) (തീയതി.18.12.2013)**

തിരുവനന്തപുരത്തെ മാജിക്കൽ സയൻസ് അക്കാദമിയുടെ ഇന്ദ്രജാല പരിപാടിക്ക് ബ്ലോക്ക് പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നും സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ചികിത്സാ ധനസഹായം (ഫയൽ നം 52962/ഇ.എം.2/13/തസ്വഭവ) തീയതി.18.12.2013**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ചികിത്സാ സഹായത്തിന് നിലവിലുള്ള അപേക്ഷകർ എത്രയെന്നും, എത്ര തുക ആവശ്യമെന്നുമുള്ള റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിനും ആർ.എസ്.ബി.വൈ പദ്ധതിയിൽ എല്ലാ ജനപ്രതിനിധികളെയും അംഗങ്ങളാക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ചർച്ച നടത്തുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പൊന്നാനി നഗരസഭ (ഫയൽ നം.74282/ഇ.എം.2/13/തസ്വഭവ)തീയതി.18.12.2013**

3.8 തീരുമാനം ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.74177/ഡി.ഡി.2/13/തസ്വഭവ) തീയതി.18.12.2013**

പോഷകാഹാരവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന് റീ ഇംപേഴ്സ്മെന്റ് ആയി ലഭിച്ച തുക കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാമോ എന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 വെമ്പായം ഗ്രാമപഞ്ചായത്ത് (ഫയൽ നം.47322/ഡി.എ2/13/തസ്വഭവ)**

**തീയതി 18.12.2013**

ഗ്രാമപഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 500/- രൂപ നൽകണമെന്നും ആശാ വർക്കർമാർക്ക് നൽകുന്ന പ്രതിമാസ ഹോണറേറിയം വർദ്ധിപ്പിച്ചു നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭ്യമാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74179/ഡി.ഡി..2/13/തസ്വഭവ)**

**തീയതി 18.12.2013**

അടിമാലി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുവാദം നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം ചർച്ച ചെയ്യുകയും എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എത്ര രൂപയാകുമെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13. മേലടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74729/ഡിഡി.2/13/തസ്വഭവ)**

**തീയതി 18.12.2013**

മേലടി ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വർഷത്തെ വികലാംഗർക്ക് ഉപകരണം വാങ്ങി നൽകുന്ന പ്രോജക്ടിന് എന്ത് ഉപകരണമാണ് നൽകുന്നതെന്നും, ഗുണഭോക്താക്കളെ തെഞ്ഞെടുത്തതിന്റെ രീതി എങ്ങനെയെന്നും വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഏഴിക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.73907/ഡി.ഡി..2/13/തസ്വഭവ)**

**തീയതി 18.12.2013**

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിവസിക്കുന്ന 25 ശതമാനത്തോളം എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ പുരയിടത്തിൽ വേലിയേറ്റ സമയത്ത് ഓരുവെള്ളം കയറി വീടും പരിസരവും മലിനമാകുന്ന സാഹചര്യം ഒഴിവാക്കാൻ സംരക്ഷണഭിത്തി കെട്ടുന്ന പ്രോജക്ടിന് പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 72258/ഡി.ബി.2/13/തസ്വഭവ)**

**തീയതി 18.12.2013**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, കിടങ്ങൂർ പഞ്ചായത്തുകളിലെ കിടങ്ങൂർ എയ്ഡഡ് യു.പി. സ്ക്കുളിന് 10 ലക്ഷം രൂപയും, ഏറ്റുമാനൂർ ടൗൺ യു.പി. സ്ക്കൂളിന് 10 ലക്ഷം രൂപയും ചെലവാക്കി സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്താൻ സംയുക്ത പ്രോജക്ട് അനുവദിക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ ഇപ്പോൾ തന്നെ സംയുക്ത പ്രോജക്ടിന് വ്യവസ്ഥയുള്ളതാണെന്ന് നിരീക്ഷിക്കുകയും അനുവാദം നൽകി തീരുമാനിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വെർച്വൽ എംപ്ലോയ്മെന്റ് ഗേറ്റ് വേ (വേഗ)**

**(ഫയൽ നം. 21263/ഡി.ഡി.3/13/തസ്വഭവ) തീയതി 18.12.2013**

ഗ്രാമവികസന വകുപ്പുമുഖേന നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയായ 'വേഗ'. തുടർന്ന് നടപ്പാക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് സൂക്ഷ്മ മേഖല കോഡ് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്,

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ)

**3.17 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം. 72921/ഡി.സി3/13/തസ്വഭവ)**

**തീയതി 18.12.2013**

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മരാമത്ത് പണികൾക്ക് ഇ-ടെണ്ടർ നടപടി സ്വീകരിക്കണമെന്നതിൽ നിന്നും ഈ സാമ്പത്തിക വർഷത്തെ പദ്ധതികളെ ഒഴിവാക്കണമെന്ന കോർപ്പറേഷന്റെ ആവശ്യം അംഗീകരിക്കുന്നതിനും അടുത്ത വർഷത്തെയ്ക്കുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള ഡിജിറ്റൽ സിഗ്നേച്ചറിന് അപേക്ഷ നൽകുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 17601/ഡി.ബി.3/13/തസ്വഭവ)**

**തീയതി 18.12.2013**

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ വാഹനം വാങ്ങുന്നതിനും ഇപ്പോൾ നിലവിലുള്ള 2005 വർഷത്തിൽ വാങ്ങിയ മഹീന്ദ്ര ജീപ്പ് മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനുമുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 76479/ഡി.ഡി2/13/തസ്വഭവ)**

**തീയതി 18.12.2013**

ചടയമംഗലം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം വോളിബാൾ കളിക്കളം സ്ഥാപിക്കുന്നതിന് അനുവദിക്കണമെന്ന ആവശ്യം മാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 76481/ഡി.ഡി.2/13/തസ്വഭവ)**

**തീയതി 18.12.2013**

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട അംഗനവാടികളിൽ അറ്റകുറ്റപ്പണികൾ നടത്താൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 76475/ഡി.ഡി.2/13/തസ്വഭവ)**

**തീയതി 18.12.2013**

കടയ്ക്കൽ കോട്ടപ്പുറത്ത് പ്രവർത്തിക്കുന്ന കാഷ്യൂ ഫാക്ടറിയിലെ സാനിട്ടറി കോംപ്ലക്സിനും വിശ്രമമുറിക്കും ഫ്ളോറിംഗും ഇലക്ട്രിഫിക്കേഷനും നടത്തുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 76475/ഡി.ഡി.2/13/തസ്വഭവ)**

**തീയതി 18.12.2013**

കുമ്മിൾ സ്ക്കൂളിലെ പാചകപ്പുര നവീകരണത്തനായി 2010-11-ലെ സ്വരാജ് ട്രോഫി സമ്മാനത്തുകയിൽ നിന്നും 2 ലക്ഷം രൂപ ചെലവഴിച്ച് 2013-14 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടിന് അംഗീകാരം നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 44517/ഡി.ബി.3/13/തസ്വഭവ)**

**തീയതി 18.12.2013**

കാഴ്ച വൈകല്യം ബാധിച്ചവർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സഹകരിക്കണമെന്ന കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ അപേക്ഷ പ്രകാരം വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്ന വിഭാഗത്തിൽ പ്പെടുത്തി കാഴ്ച വൈകല്യമുള്ളവർക്ക് "ടോക്കിംഗ് കമ്പ്യൂട്ടർ" പദ്ധതി നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 67730/ഡി.ബി.1/13/തസ്വഭവ)**

**തീയതി 18.12.2013**

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ സാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട ദേശീയ സെമിനാറിന് മൂന്നു ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനായി അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 53715/ഡി.എ2/13/തസ്വഭവ)**

എം.എൻ. ലക്ഷം വീട് പദ്ധതിക്കായി വകയിരുത്തിയ വികസനഫണ്ടിൽ നിന്നും മാറ്റി വച്ച തുക ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കൊച്ചി കോർപ്പറേഷൻ (ഫയൽ നം. 74695/ഡി.സി.3/13/തസ്വഭവ)**

തീയതി **18.12.2013**

കൊച്ചി കോർപ്പറേഷന്റെ സുഭാഷ് ചന്ദ്രബോസ് റോഡ്, മത്തായി മാഞ്ഞൂരാൻ റോഡ് എന്നിവയുടെ ടാറിംഗിനായി നെഗോസിയേഷൻ ഓഫറിൽ ടാറിന്റെ വിപണി വിലയും ഷെഡ്യൂൾ നിരക്കും തമ്മിലുള്ള വ്യത്യാസം നഗരസഭ നൽകണമെന്ന കരാറുകാരുടെ ആവശ്യത്തിൽ ബിൽ പ്രകാരം വ്യത്യാസമുള്ള തുക നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 അരൂർ ഗ്രാമപഞ്ചായത്ത് തീയതി 18.12.2013**

1) പ്രത്യേക ഘടക പദ്ധതിയിൽ വകയിരുത്തി വനിതകൾക്കായി നടപ്പിലാക്കിയ സാരി ഫാബ്രിക് പെയിന്റിംഗ് പരിശീലന പരിപാടി പുതിയ പ്രോജക്ടായി ഉൾപ്പെടുത്താൻ അനുമതി നൽകി തീരുമാനിച്ചു.

2) പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണ ടാങ്ക് വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.28 **അകലക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 70641/ഡിഎ.2/2013/തസ്വഭവ)**

**തീയതി 18.12.2013**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഗൃഹനാഥൻ മരണപ്പെട്ടുപോയാൽ റേഷൻ കാർഡിൽ പേരുള്ള ഗൃഹനാഥയ്ക്ക് നൽകുവാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് തീയതി 18.12.2013**

മാറഞ്ചേരിയിൽ പ്രവർത്തിക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്ക്കൂളിൽ ഉപയോഗിക്കുന്ന ചെറിയ വാഹനത്തിന്റെ വാടകയിനത്തിൽ നൽകാനുള്ള തുക ഉടൻ വിതരണം ചെയ്യാൻ സി.ഡി.പി.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും സ്ക്കൂളിന്റെ പ്രവർത്തനം ഉറപ്പാക്കുന്നതിനും, ബന്ധപ്പെട്ട സി.ഡി.പി.ഒ.യ്ക്കെതിരെ വകുപ്പുതല നടപടികൾ കൊക്കൊള്ളുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് തീയതി 18.12.2013**

2013–14 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ കുറവ് വന്ന തുക പരിഹരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ്, ധനകാര്യ വകുപ്പ്, എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ ചർച്ച ചെയ്ത് തീരുമാനിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് തീയതി 18.12.2013**

ഭവന നിർമ്മാണത്തിനായി ധനസഹായം ലഭ്യമാകുമ്പോൾ വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് കരാർ രജിസ്റ്റർ ചെയ്യണമെന്നത് ഒഴിവാക്കണമെന്ന ആവശ്യത്തിന്മേൽ നികുതി വകുപ്പുമായി ബന്ധപ്പെട്ട് മന്ത്രിസഭാ തീരുമാനത്തിനായി ഉടനെ നോട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ തീയതി 18.12.2013**

ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനും മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കണമെന്നുള്ള കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യ പ്രകാരം 1 ലക്ഷം രൂപ വരെ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ തീയതി 18.12.2013**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ ചെക്ക് ഒപ്പിടാനുള്ള അധികാരം അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് നൽകണമെന്ന ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യം തത്വത്തിൽ അംഗീകരിച്ചു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പായി എൻ.ആർ.ഇ.ജി.എസ് ഡയറക്ടറുമായി ചർച്ച നടത്തേണ്ടതുമാണ്. എല്ലാ അസിസ്റ്റന്റ് സെക്രട്ടറിമാരും ഡിജിറ്റൽ സിഗ്നേച്ചർ എടുക്കേണ്ടതാണെന്നും തീരുമാനിച്ചു. അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള പഞ്ചായത്തുകളിൽ എസ്.സി./എസ്.റ്റി പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ അവരായിരിക്കും. അസിസ്റ്റന്റ് സെക്രട്ടറിമാരില്ലാത്ത പഞ്ചാത്തുകളിൽ നിലവിലുള്ള സ്ഥിതി തുടരാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ തീയതി 18.12.2013**

.എ.എം.സി. മുഖേന തെരുവുവിളക്ക് മെയിന്റനൻസ് നടത്താൻ കരാർ വയ്ക്കുന്നതിന് ഏജൻസികൾ തയ്യാറാകാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.യുമായി ചർച്ച ചെയ്ത് കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും, പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെയും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 23.12.2013ന് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ 8 മണിക്കുള്ള കാബിനറ്റിനുശേഷം കൂടുന്നതിന് തീരുമാനിച്ചു.***

**(യോഗം വൈകിട്ട് 4.30–ന് അവസാനിച്ചു)**